**Deepika**

**19 August 2018**

**Kodamangalam, Flood, Manikandamchal**

# ദുരിതമൊഴിയാതെ മണികണ്ഠംചാൽ

**കോതമംഗലം:** കാലവർഷം ആരംഭിച്ചതു മുതൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ മണികണ്ഠംചാൽ ഒറ്റപ്പെടുന്നു. പുഴയിൽ വെള്ളം ഉയർന്നതിനെത്തുടർന്നു പല ദിവസവും മണികണ്ഠംചാൽ ചപ്പാത്ത് വെള്ളത്തിൽ മുങ്ങി പ്രദേശം ഒറ്റപ്പെട്ടിരുന്നു. കഴിഞ്ഞ നാലുദിവസമായി ചപ്പാത്തും റോഡും വെള്ളത്തിലാണ്. വെള്ളാരംകുത്തിലും മണികണ്ഠംചാലിലുമുള്ള 50ഓളം വീടുകളിൽ വെള്ളം കയറി. ദിവസങ്ങളായി വൈദ്യുതി, വാർത്താവിനിമയ സംവിധാനങ്ങളും തകരാറിലാണ്. വെള്ളം കയറിയതിനെത്തുടർന്നു മണികണ്ഠംചാൽ സിഎസ്ഐ പള്ളിയിലും ഉയർന്ന പ്രദേശങ്ങളിലെ വീടുകളിലുമാണ് ആളുകളെ മാറ്റി പാർപ്പിച്ചിരിക്കുന്നത്. മണികണ്ഠംചാലിൽ സഹായം എത്തിക്കാൻ ആഗ്രഹിക്കുന്നവർ 9446094761, 9947933478 എന്ന നമ്പറിൽ ബന്ധപ്പെടണം.